# സൈബർമെഡിസിൻ ഇന്ത്യയിൽ

**വിനോദ് സ്ക്കറിയ**
**കോഴിക്കോട് മെഡിക്കൽ കോളേജ്**

സൈബർ മെഡിസിന്റെ പ്രയോഗവും ഗവേഷണവും ഇന്നും അതിന്റെ ശൈശവ ദശയിലാണ്. വിദഗ്ദ വൈദ്യോപദേശം അപ്രാപ്യമായ ഇന്ത്യയിലെ അവികസിതമായ ഗ്രാമ പ്രദേശങ്ങളിൽ കുറഞ്ഞ ചിലവിൽ അത് എത്തിക്കാം എന്നതാണ് സൈബർമെഡിസിനെ ഇന്ത്യൻ പരിസ്ഥിതിയിൽ അതുല്യമാക്കുന്നത്. ഇന്ത്യയിൽ സൈബർമെഡിസിന്റെ അതിവേഗത്തിലുള്ള വളർച്ചയ്ക്കു വിഘാതമായി നില്ക്കുന്നത് പ്രധാനമായും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയാണ്. ഇന്ത്യയിൽ അതിവേഗം വളർന്നുവരുന്ന അടിസ്ഥാന ഭൗതിക സാഹചര്യങ്ങളും ഇന്ത്യൻ പരിസ്ഥിതിക്കനുയോജ്യമായ സിംപ്യൂട്ടർ പോലുള്ള ചെറുകമ്പ്യൂട്ടറുകളും (hand held device) ഒരു കുതിച്ചുചാട്ടമാവും നമുക്ക് സമ്മാനിക്കുക.

മറ്റേതു ടെക്നോളജിയുംപോലെ സൈബർമെഡിസിൻ എങ്ങിനെ നമ്മുടെ പരിസ്ഥിതിയിൽ പരമാവധി പ്രയോജനകരമാക്കാം എന്നും ചിന്തിക്കേണ്ടതുണ്ട്. വിവരസാങ്കേതിക വിദ്യയിൽ ഒരു സൂപ്പർപവർ ആയി അംഗികരിപ്പെട്ടിരിക്കുന്ന ഇന്ത്യയിൽ മാനവശേഷി തന്നെയാണ് ഏറ്റവും വലിയ കൈമുതൽ. മറ്റ് വിദേശരാജ്യങ്ങളെപ്പോലെ കമ്പ്യൂട്ടർ വിദ്യാഭ്യാസം മെഡിക്കൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇന്ത്യയിൽ സൈബർ മെഡിസിന്റെ വളർച്ച ശോഭനമായിരിക്കുകയില്ല എന്നും കരുതുന്നവർ ഏറെയുണ്ട്. എങ്കിൽ തന്നെയും മറ്റേതു രാജ്യങ്ങളിലുള്ളവരെയും കിടപിടിക്കുന്ന കമ്പ്യൂട്ടർ വിദഗ്ദരായ ഡോക്ടർമാർ ഉണ്ട് എന്നു നമുക്കഭിമാനിക്കാം.

സൈബർ മെഡിസിന്റെ അലയൊലികൾ ഈ കൊച്ചുകേരളത്തിൽപ്പോലും അനുഭവേദ്യമായിത്തുടങ്ങി എന്നതിൽ സംശയങ്ങളേതുമില്ല. സൗജന്യമായി വൈദ്യോപദേശം നല്കുന്ന കോഴിക്കോട്ടെ ഒരു ഹോമിയോ ഡോക്ടറുടെ വെബ്സൈറ്റുതന്നെ (www.rajbin.com) നല്ലൊരു ഉദാഹരണമാണ്. അതുപോലെത്തന്നെ വൈദ്യസംബന്ധമായ വിവരങ്ങൾ നല്കുന്ന ഒരു പിടി നല്ല വെബ്സൈറ്റുകളും നമുക്ക് കൈമുതലായുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ ലൈബ്രറി ഇൻക്സായ മെഡ്ലിബ് (medlib.mccal.org) തന്നെ ഉദാഹരണം.

ഇന്ത്യയിൽ സൈബർമെഡിസിൻ സംബന്ധമായ ഗവേഷണങ്ങളും പ്രതീക്ഷയ്ക്കു വകനല്കുന്നു എന്നു കാണാൻ സാധിക്കും. ജേണൽ ഓഫ് ടെലിമെഡിസിൻ ആന്റ് ടെലികെയറിൽ ഈയടുത്തു പ്രസിദ്ധീകൃതമായ ഒരു പ്രബന്ധത്തിൽ ഇ-മെയിൽ വഴി തുച്ഛമായ ചിലവിൽ വിദഗ്ധ ഉപദേശം നല്കാം എന്നു സമർത്ഥിക്കുന്നു. അതുപോലെത്തന്നെ ഇന്റനെറ്റിൽ നേരിട്ടു പ്രസിദ്ധീകരിക്കുന്ന വൈദ്യസംബന്ധമായ പഠനങ്ങൾക്ക് ചില ഗുണമേന്മാ നിർദ്ദേശങ്ങൾ ക്രോഡീകരിക്കുവാനും ഗുണമേന്മാ ചിഹ്നങ്ങൾ നല്കാനും ഉദ്ദേശിച്ച് മെഡ്സ്ക്കോപ്പ് (MedSCOPE) എന്ന സംരംഭവും പ്രാരംഭദിശയിലാണ് ഇവയെല്ലാം തെളിയിക്കുന്നത് ഇന്ത്യയിൽ സൈബർമെഡിസിന്റെ ഭാവി ശോഭനം തന്നെയാണെന്നാണ്.